സുപ്രഭാതം
02-07-2018

## കടൽപായലിൽ നിന്ന് ഔഷധം

# സി.എം.എഫ്.ആർ.ഐ ശാസ്ത്രജ്ഞന് ദേശീയ പുരസ്കാരം



കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ) സീനിയർ സയന്റിസ്റ്റും നാഷനൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസസ് ഫെല്ലോയുമായ ഡോ. കാജൽ ചക്രവർത്തിക്ക് ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ) റാഫി അഹ്മദ് ക്വിദ്വായ് പുരസ്കാരം. കടൽ പായലിൽ നിന്ന് പ്രമേഹം, സന്ധിവേദന, അമിതവണ്ണം, തൈറോയ്ഡ് തുടങ്ങിയ രോഗങ്ങൾക്കുള്ള ഔഷധങ്ങൾ വികസിപ്പിച്ചതടക്കമുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം. ഈ മേഖലയിലെ അദ്ദേഹത്തിന്റെ കണ്ടുപിടുത്തങ്ങൾക്ക് പേറ്റന്റ് നേടിയിട്ടുണ്ട്. ഡോ. കാജൽ ചക്രവർത്തി വികസിപ്പിച്ച ഔഷധോൽപ്പന്നങ്ങളുടെ സാങ്കേതിക വിദ്യ വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്നതിന് സി.എം.എഫ്.ആർ.ഐ സ്വകാര്യ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

ഓരോ വർഷവും കാർഷിക ഗവേഷണത്തിൽ മികവ് പുലർത്തുന്നവർക്ക് നൽകുന്നതാണ് 5 ലക്ഷം രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന ഈ പുരസ്കാരം. ഐ.സി.എ.ആറിന്റെ സ്ഥാപക ദിനമായ ജൂലൈ 16ന് ഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പുരസ്കാരം നൽകും.